## ഒരേ വിദ്യാഭ്യാസ യോഗ്യതയും ശമ്പളസ്കെയിലുമുള്ള തസ്തികയ്ക്ക് പൊതുവായ പരീക്ഷ

139 [2803] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ വിദ്യാഭ്യാസയോഗ്യതയും ശമ്പളസ്കെയിലുമുള്ള വിവിധ കോർപ്പറേഷനുകളിലേയും ബോർഡുകളിലേയും തസ്തികകളിലേക്കുള്ള നിയമനം പൊതുവായ പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്താൻ ഗവൺമെന്റ് പി. എസ്. സി. ക്കു നിർദ്ദേശം കൊടുക്കുകയുണ്ടായോ;

(ബി) എങ്കിൽ അതു സംബന്ധിച്ചു വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തെ സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിഗണിച്ചുവരികയാണ്.

## ഇടുക്കി ജില്ലയിലെ ലൈററ് ഡ്യൂട്ടി ഡ്രൈവർമാരുടെ ഒഴിവുകൾ

140 [2804] ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വിവിധ ഡിപ്പാർട്ടുമെന്റിൽ ലൈററ് ഡ്യൂട്ടി ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ആ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചു;

(സി) ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്ററിൽനിന്നും ഈ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2–7–1988 വരെ 53 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞ 53 ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) റാങ്ക് ലിസ്ററ് നിലവിലുള്ളപ്പോൾ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലേക്കും നിയമന ശുപാർശ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly